കനകക്കുന്നിൽ പൂക്കാലം

# വസന്തോത്സവം പുഷ്പമേള ഗവർണർ ഉദ്ഘാടനം ചെയ്തു



കനകക്കുന്നിൽ വസന്തോത്സവം പുഷ്പമേള ഉദ്ഘാടനംചെയ്തശേഷം ഗവർണർ ജസ്റ്റിസ് പി. സദാശിവം കാണുന്നു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, കെ. മുരളീധരൻ എം.എൽ.എ., മേയർ വി.കെ. പ്രശാന്ത് തുടങ്ങിയവർ സമീപം

**തിരുവനന്തപുരം** ▸ ലോക കേരളസഭയുടെ ഭാഗമായി ടൂറിസം വകുപ്പ് സംഘടിപ്പിച്ച 'വസന്തോത്സവം' പുഷ്പമേള ഗവർണർ പി. സദാശിവം ഉദ്ഘാടനംചെയ്തു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു.

മേയർ വി.കെ. പ്രശാന്ത്, കെ. മുരളീധരൻ എം.എൽ.എ., പ്രിൻസിപ്പൽ സെക്രട്ടറി വി. വേണു, കെ.ജി. മോഹൻലാൽ, റാണി ജോർജ് എന്നിവർ പങ്കെടുത്തു. വസന്തോത്സവം 14-ന് സമാപിക്കും.

മേളയിൽ ഔഷധസസ്യങ്ങളുടെ അപൂർവശേഖരം, കാർഷിക പ്രദർശന-വിപണനം, ഗോത്രവർഗക്കാരുടെ പാരമ്പര്യ അറിവുകൾ, ഭക്ഷ്യമേള എന്നിവ ഒരുക്കിയിട്ടുണ്ട്.